വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, പ്ലസ് ടുവിനെ സംബന്ധിച്ചു പലവട്ടം ഇവിടെ ചർച്ച ചെയ്തിട്ടുള്ളതാണ്. ഈ വർഷം അതിൽ പുതിയതായി ഒരു ഡെവലപ്മെന്റുമുണ്ടായിട്ടില്ലായെന്ന് ബഹുമാനപ്പെട്ട മുഹമ്മദ് ബഷീറിനു തന്നെ അറിയാവുന്നതാണ്. സുപ്രീം കോടതിയുടെ സ്റ്റേയുടെ അടിസ്ഥാനത്തിൽ ഇത്തവണ ഒരു സ്കൂളും അനുവദിച്ചിട്ടില്ല., അനുവദിക്കാവുന്ന, ഗവൺമെന്റിന്റെ പരിഗണനയിൽ വന്ന സ്കൂളുകൾക്കൊക്കെ അനുമതി കൊടുക്കുകയാണ് ചെയ്തിട്ടുള്ളത്. അതാണ് വസ്തുത. അതു പലവട്ടം ചർച്ച ചെയ്തിട്ടുള്ളതുമാണ്. 38 സ്കൂളുകളിലാണ് അന്നു നോക്കിയപ്പോൾ പ്ലസ് ടു അനുവദിച്ചിട്ടുള്ളത്. അതിനെ സംബന്ധിച്ചു ആദ്യം വന്ന പരാതികൾ 10 സ്കൂളുകളിലേ അനുവദിച്ചിട്ടുള്ളൂ എന്നാണ്. എങ്കിലും ഇനിയും സ്കൂളുകളിൽ അനുവദിക്കേണ്ടതാണ് എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഇനിയും ലിസ്റ്റ് തയ്യാറാക്കുമ്പോൾ ന്യായമായ പരിഗണനയുണ്ടാകുമെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. നോട്ടിഫിക്കേഷൻ ഗവൺമെന്റിന്റെ പരിഗണനയിലാണെന്നു മാത്രമേ ഞാൻ ഇപ്പോൾ പറയുന്നുള്ളൂ. എൻട്രൻസിനെ സംബന്ധിച്ചു ഇവിടെ ചില കാര്യങ്ങൾ പറഞ്ഞു. ഇത്തവണ അതു കുറെമറ്റതാക്കാനുള്ള തീരുമാനങ്ങളെടുത്തിട്ടുണ്ട്. അതിനെക്കുറിച്ചെല്ലാം ഞാൻ പരിശോധിച്ചശേഷം പറയുകയാണ്. ഒരു കുഴപ്പവും അതിലുണ്ടാകുകയില്ല. എന്തെങ്കിലും ശ്രദ്ധയിൽപ്പെട്ടാൽ ശ്രീ. മുഹമ്മദ് ബഷീർ തന്നെ അതു പറയണം. ഇതുവരെ ഒരു കുഴപ്പവുമില്ല. പോളിടെക്നിക്കിനെപ്പറ്റി ഇതുവരെ ഒരു പരാതിയും വന്നിട്ടില്ല.അഡ്മിഷനെല്ലാം കഴിഞ്ഞിരിക്കുന്നു. ഒരു പരാതിയും ഇതുവരെ വന്നിട്ടില്ല.സാധാരണ വർഷങ്ങളിൽ ചെയ്യുന്നതുപോലെ മാത്രമേ ഇക്കാര്യത്തിലും ചെയ്തിട്ടുള്ളൂ. ഇത്തവണ 75 കോളേജുകളിൽ നിന്ന് പ്രീഡിഗ്രി ഡീലിങ്ക് ചെയ്തപ്പോൾ മുസ്ലീം സമുദായം നടത്തുന്ന 9 കോളേജുകളിൽ നിന്നു മാത്രമേ ഡീലിങ്ക് ചെയ്തിട്ടുള്ളൂ.അതും കഴിയുന്നത്ര ആർട്സ് സബ്ജറ്റുകളാണ് ചെയ്തിട്ടുള്ളത് അതാകുമ്പോൾ പിന്നീട് പഠിക്കാനുള്ള സൗകര്യമുണ്ട്. സയൻസ് കോളേജുകളെ പരമാവധി ഒഴിവാക്കിയിട്ടുണ്ടെന്നാണ് എനിക്കു പറയാനുള്ളത്. ഈ കാര്യത്തിൽ പ്രത്യേകമായ പരിഗണനയല്ലാതെ ഒരു അവഗണനയും ഉണ്ടാകില്ല.

(11) മഞ്ചേരി മണ്ഡലത്തിലെ തോട്ടുപൊയിൽ-മീൻപാറ കൈറോഡ്, നാലാർകുളം-ചെറുകുളം റോഡ് എന്നിവയുടെ നിർമ്മാണപ്രവർത്തനം നിർത്തിവച്ചത് സംബന്ധിച്ച്

ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, മഞ്ചേരി നിയോജകമണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട രണ്ടു-മൂന്നു റോഡുകളുടെ പ്രവർത്തനം കരാറുകാർ പണി നിർത്തിവച്ചതുമൂലം ജനങ്ങൾ വളരെയധികം പ്രയാസം അനുഭവിക്കുകയാണ്. ചോലയ്ക്കൽ-മീൻപാറ കൈറോഡ്, നാലാർകുളം-ചെറുകുളം റോഡ് എന്നിവയുടെ പ്രവർത്തനം രണ്ടു വർഷങ്ങൾ മുമ്പ് ആരംഭിച്ചതാണ്. ഒരു വർഷം കഴിഞ്ഞപ്പോൾ കരാറുകാരൻ പകുതി പ്രവർത്തനം നിർത്തിവച്ച് അത് ഇട്ടിട്ടു പോയിരിക്കുകയാണ്. പട്ടികജാതിക്കാർ, വളരെയധികം പിന്നോക്കക്കാർ എന്നിവർ താമസിക്കുന്ന ഈ പ്രദേശത്ത് ഒരു ഓട്ടോറിക്ഷാ പോലും പോകാൻ കഴിയാത്ത ഒരു ദുരവസ്ഥയിലാണ്. കരാറുകാർ പറയുന്നത് അവർക്ക് പണം കിട്ടാതെ പണി തുടങ്ങാൻ കഴിയില്ല എന്നാണ്. പക്ഷേ, ജനങ്ങളാണ് കഷ്ടപ്പെടുന്നത്. ബഹുമാനപ്പെട്ട മന്ത്രി അടിയന്തിര നിർദ്ദേശം നൽകി പ്രസ്തു റോഡുകളുടെ പണി തുടങ്ങണം. കൂടാതെ എ.എസ്, എസ്.

LIBRARY ARCHIVES Kerala Legislative Assembly

എസ് എന്നിവ നൽകിയിട്ടും ബഡ്ജറ്റിൽ പ്രൊവിഷനുണ്ടായിട്ടും ടെണ്ടർ ചെയ്യാത്ത പാലിയ്ക്കത്തോട്-കൂട്ടായ്വിളയൂർ റോഡ്, കാരാപ്പറമ്പ്-വടക്കുംമല റോഡ് ഇവ രണ്ടും ടെണ്ടർ ചെയ്ത് പ്രവർത്തനമാരംഭിക്കാൻ, മുടങ്ങിയ റോഡുകളുടെ പ്രവർത്തനം അടിയന്തിരമായി തുടങ്ങാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, ചോലയ്ക്കൽ, തോട്ടുപൊയിൽ-മീൻപാറകൈ റോഡിന്റെ പണികൾ ആരംഭിച്ചതാണ്. കോൺട്രാക്ടർമാർ പണി ഇടയ്ക്കുവച്ച് നിർത്തുകയാണ് ചെയ്തത്. വീണ്ടും അതിന്റെ ഫോർമേഷനും മെറ്റലിംഗും പൂർത്തിയായിട്ടുണ്ട്. മഴക്കാലം കഴിഞ്ഞാലുടനെ ടാറിംഗ് നടത്താമെന്നാണ് പറഞ്ഞിരിക്കുന്നത്. അതിൽ നടപടിയുണ്ടായില്ലെങ്കിൽ ടെർമിനേറ്റ് ചെയ്ത് പുതിയ ടെണ്ടർ ചെയ്ത് വർക്ക് ഏർപ്പാടാക്കാം. മഴ കഴിഞ്ഞാൽ ടാറിംഗ് നടത്താമെന്നാണ് അറിയിച്ചിരിക്കുന്നത്. പാലയ്ക്കത്തോട്-കൂട്ടായ്വിളയൂർ റോഡിന്റെ കാര്യത്തിൽ കുറച്ചുകൂടി ഫണ്ട് വകയിരുത്തേണ്ടതുണ്ട്. അതിനുശേഷം നടപടി സ്വീകരിക്കാം. കാവന്നൂർ, വടക്കുംമല-കാരാപറമ്പ് റോഡ് നബാർഡ് സ്കീമിൽപ്പെടുത്തുന്നതിനുള്ള നിർദ്ദേശമുണ്ട്.

(12) റാന്നി താലൂക്കിലെ ആദിവാസികൾക്ക് ജാതി സർട്ടിഫിക്കറ്റ് നിഷേധിച്ചിരിക്കുന്നതു സംബന്ധിച്ച്

ശ്രീ. രാജു എബ്രഹാം : സർ, റാന്നി നിയോജ മണ്ഡലത്തിൽ 19-ാം നൂറ്റാണ്ടുമുതൽ തെളിവുസഹിതം ജീവിച്ചുവന്ന ആദിവാസികൾക്ക് കഴിഞ്ഞ 7 വർഷമായി സർക്കാർ ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് നിഷേധിച്ചിരിക്കുകയാണ്. പട്ടച്ചിറ, വാഹ, പിമ്പരം, നായാടി തുടങ്ങി പത്തിലധികം ആദിവാസി കോളനികളെ ആയിരത്തോളം കുടുംബങ്ങളാണ് സർക്കാരിന്റെ പുതിയ തീരുമാനത്തെ ഉറ്റുനോക്കുന്നത്. കഴിഞ്ഞ 7 വർഷമായി ഇത്രയും കുടുംബങ്ങളിലെ കുട്ടികൾ ജാതി സർട്ടിഫിക്കറ്റ് കൊടുക്കാത്തതുമൂലം പഠിപ്പു നിർത്തി; പുതിയ കുട്ടികളെ മാതാപിതാക്കൾ സ്കൂളിലേയ്ക്ക് വിടുന്നില്ല. അവിടെ ത്രിതല പഞ്ചായത്ത് പണം കൊടുക്കില്ല, വർക്കിംഗ് ഗ്രൂപ്പ് പണം കൊടുക്കില്ല. കഴിഞ്ഞ 7 വർഷക്കാലമായി ഇത്രയും കോളനികളിൽ ഒരു വികസന പ്രവർത്തനങ്ങളും നടക്കുന്നില്ല എന്നുള്ളതാണ് വാസ്തവം. തിരുവനന്തപുരത്തു നടന്ന ഒരു ഗൂഢാലോചനയെത്തുടർന്ന് ഉന്നത സ്ഥാനങ്ങളിലിരിക്കുന്ന ചില ആദിവാസി ഉദ്യോഗസ്ഥൻമാരുടെ കഴുത്തറക്കാൻ ചില രാഷ്ട്രീയ നേതാക്കൻമാരും ചില ഉദ്യോഗസ്ഥൻമാരും കിർത്താഡ്സിനെ കുരങ്ങുകളിപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ആ പുതിയ നിർദ്ദേശം ഇപ്പോൾ വന്നിരിക്കുന്നത്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ ഇക്കാര്യം ഉന്നയിച്ചപ്പോൾ ജാതി സർട്ടിഫിക്കറ്റ് കൊടുക്കാൻ പാടില്ലെന്ന് ജില്ലാ കളക്ടറോ തഹസീൽദാരോ കിർത്താഡ്സോ എസ്.ടി ഡിപ്പാർട്ട്മെന്റോ നിർദ്ദേശം കൊടുത്തിട്ടില്ലായെന്നാണ് ബന്ധപ്പെട്ട ആളുകൾ ആ യോഗത്തിൽ പറഞ്ഞത്. പക്ഷേ ബന്ധപ്പെട്ട തഹസീൽദാർമാർ ഈ സർട്ടിഫിക്കറ്റു കൊടുക്കാൻ വിമുഖത കാട്ടുന്ന അവസ്ഥയാണ്. ആയിരത്തോളം കുടുംബങ്ങളെ രക്ഷിക്കാൻ അടിയന്തിരമായി അങ്ങ് ഇടപെട്ട് തീരുമാനമെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly